## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2190** **13.06.2019 - ൽ മറുപടിക്ക്.**

## പൊതുവിതരണ സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഡി.കെ. മുരളി :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **എ)** പൊതുവിതരണ സംവിധാനം അഴിമതി മുക്തമാക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയ പുതിയ സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ; | **(എ)** | 1) റേഷൻ വിതരണം ഇ-പോസ് മുഖേനയാക്കി. ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി<br>2) വാതിൽപ്പടി വിതരണം ആരംഭിച്ചു<br>3) സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ചു<br>4) സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br>5) റേഷൻ കടകൾ വൈവിധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>6) റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ പാക്കേജ് 01.12.2018 മുതൽ നടപ്പിലാക്കി.<br>7) ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>8) പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി പുരോഗമിച്ചു വരുന്നു.<br>9) എഫ്.സി.ഐ.യിൽ നിന്ന് വിട്ടെടുത്ത് ജനങ്ങൾക്ക് വിതരണം ചെയ്യുന്നതു വരെയുള്ള ഭക്ഷ്യ ധാന്യങ്ങളുടെ നീക്കം സുതാര്യമാക്കി. |
| **(ബി)** ഇ-പോസ് സംവിധാനം വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകുമോ ? | **(ബി)** | ഇ-പോസ് സംവിധാനം വിജയകരമായി നടപ്പിലാക്കി വരുന്നു. ആധാർ അധിഷ്ഠിത വിതരണമായതിനാൽ യഥാർത്ഥ ഉപഭോക്താവിന് അർഹമായ വിഹിതം ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ കഴിയും. പോർട്ടബിലിറ്റി സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തെ ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാം എന്ന സൗകര്യം 16.3% കാർഡുടമകൾ പ്രയോജനപ്പെടുത്തുന്നുണ്ട്. നേരിട്ടു പോയി റേഷൻ വാങ്ങാൻ കഴിയാത്തവർക്കായി പ്രോക്സി സംവിധാനവും നിലവിലുണ്ട്. നിലവിൽ 97% ത്തിൽപ്പരം കാർഡുടമകളും ബയോമെട്രിക് സംവിധാനം വഴി റേഷൻ വാങ്ങുന്നുണ്ട്. റേഷൻ പരമാവധി അർഹരിൽ തന്നെ എത്തുന്നുണ്ട് എന്ന് ഇതിൽ നിന്ന് ഉറപ്പാക്കാൻ സാധിക്കും. |

**സെക്ഷൻ ഓഫീസർ**